**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1411** **18-01-2021 - ൽ മറുപടിയ്ക്ക്**

**വില്ലേജ് ഓഫീസുകളുടെ കമ്പ്യൂട്ടർവൽക്കരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | Shri E. Chandrasekharan<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പമന്ത്രി) | |
| (എ) | റവന്യൂ വകുപ്പിൽ വില്ലേജ് ഓഫീസുകളുടെ കമ്പ്യൂട്ടർ വൽക്കരണം പൂർത്തീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ; | (എ) | സംസ്ഥാനത്തെ ആകെയുള്ള 1665 വില്ലേജുകളിൽ 1655 വില്ലേജുകളിലെ അടിസ്ഥാന ഭൂനികുതി രജിസ്റ്റർ കമ്പ്യൂട്ടർവത്ക്കരിച്ചിട്ടുള്ളതാണ്. ബാക്കി വില്ലേജുകളിലെ ഭൂനികുതി വിവരങ്ങൾ ഡാറ്റാ എൻട്രി നടന്നുവരുന്നു. |
| (ബി) | കമ്പ്യൂട്ടർ വൽക്കരണം പൂർത്തീകരിച്ച വില്ലേജുകളിൽ ഇനിയും സർവ്വെ നമ്പർ ഡേറ്റാ എൻട്രി നടത്തുവാനും സബ് ഡിവിഷൻ നമ്പർ ചേർക്കുവാനുമുള്ളത് പരിഹരിച്ചിട്ടുണ്ടോ; | (ബി) | ഡാറ്റാ എൻട്രി നടത്തുന്ന പ്രവർത്തനങ്ങൾ നിലവിൽ നടന്നുവരുന്നു. കൂടാതെ ഡാറ്റാ എൻട്രിയിൽ വന്നിട്ടുള്ള പിഴവുകൾ തിരുത്തുന്നതിന് പ്രത്യേക സംവിധാനം ഒരുക്കിയിട്ടുണ്ട്. സംസ്ഥാനതലത്തിൽ ഇതിനായി രണ്ട് ഉദ്യോഗസ്ഥരെ പ്രത്യേകം നിയോഗിച്ചിട്ടുണ്ട്. |
| (സി) | സബ് ഡിവിഷൻ നമ്പർ ചേർക്കാത്തതുകാരണം കരം ഓൺലൈനായി അടയ്ക്കാൻ കഴിയാത്ത സാഹചര്യത്തിന് പരിഹാരം കണ്ടെത്തുമോ; | (സി) | ഭൂനികുതി രജിസ്റ്ററുകൾ ഡാറ്റാ എൻട്രി നടത്തുന്ന സമയത്ത് പൂർണ്ണ വിവരങ്ങൾ ഉൾക്കൊള്ളിക്കാൻ നിർദ്ദേശിച്ചിരുന്നതാണ്. എന്നിരുന്നാലും സംസ്ഥാനത്തെ വില്ലേജ് ഓഫീസർമാരുടെ സന്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ഏതെങ്കിലും തരത്തിലുള്ള പിഴവുകൾ വന്നിട്ടുള്ള ഡാറ്റാകൾ പരിശോധിച്ച് അവ പരിഹരിച്ചുവരുന്നു. ഇതിനായി പ്രത്യേക സംവിധാനം തന്നെ ഒരുക്കിയിട്ടുള്ളതാണ്. |
| (ഡി) | കമ്പ്യൂട്ടർ വൽക്കരണം നടന്നിട്ടും രേഖകൾ എൻട്രി ചെയ്തിട്ടില്ല എന്ന പേരിൽ വില്ലേജ് ഓഫീസുകളിൽ ജനങ്ങളെ ബുദ്ധിമുട്ടിക്കുന്നത് ഒഴിവാക്കുമോ; | (ഡി) | ഡാറ്റാ എൻട്രി പൂർത്തിയാകാത്ത വില്ലേജുകളിൽ ഡാറ്റാ അപ്പോൾതന്നെ എൻട്രി നടത്തി കരം അടവ് ഓൺലൈനാക്കുന്നതിനുള്ള ബാക്ക് ലോഗ് സംവിധാനം സോഫ്റ്റ്‌വെയറിൽ ഒരുക്കിയിട്ടുണ്ട്. |
| (ഇ) | 2020-2021 സാമ്പത്തിക വർഷം വില്ലേജ് കരം ഓൺലൈനായി എത്ര പേർ അടച്ചുവെന്നും എത്ര രൂപ പിരിഞ്ഞു കിട്ടിയെന്നും അറിയിക്കാമോ? | (ഇ) | 13/01/2021 തീയതിയിലെ കണക്ക് പ്രകാരം സംസ്ഥാനത്ത് ഒട്ടാകെ 2020-21 സാമ്പത്തിക വർഷം വിവിധ ഇനങ്ങളിലായി 3,78,004 പേരിൽ നിന്നായി 166,04,44,211/- (നൂറ്റി അറുപത്തി ആറ് കോടി നാല് ലക്ഷത്തി നാൽപ്പത്തിനാലായിരത്തി ഇരുന്നൂറ്റി പതിനൊന്ന് രൂപ) വില്ലേജുകളിലെ ഇ-പെയ്മെന്റ് സംവിധാനം മുഖാന്തിരവും, 41,08,871 പേരിൽ നിന്നായി 46,68,07,455/- (നാൽപത്തി |

| | | | |
|---|---|---|---|
| | | | ആറ് കോടി അറുപത്തിയെട്ട് ലക്ഷത്തി ഏഴായിരത്തി നാനൂറ്റി അമ്പത്തിയഞ്ച് രൂപ) ഓൺലൈനായി മാത്രം പിരിഞ്ഞു കിട്ടിയതും ചേർത്ത് ആകെ 44,86,875 പേരിൽ നിന്നായി 212,72,51,666/- ( ഇരുന്നൂറ്റി പന്ത്രണ്ട് കോടി എഴുപത്തി രണ്ട് ലക്ഷത്തി അൻപത്തി ഒന്നായിരത്തി അറുന്നൂറ്റി അറുപത്തി ആറ് രൂപ) ആകെ പിരിഞ്ഞുകിട്ടിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ